പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.217 28.06.2016 - ൽ മറുപടിയ്ക്ക്

## 108 ആംബുലൻസുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. ആർ.രാമചന്ദ്രൻ<br>ശ്രീ.കെ. രാജൻ. | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
|---|---|
| (എ) 108 ആംബുലൻസുകളുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ആംബുലൻസുകളുടെ സേവനം ജനങ്ങൾക്ക് വീണ്ടും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. പ്രസ്തുത വാഹനങ്ങൾക്ക് നിയമപരമായി എല്ലാ വർഷവും എടുക്കേണ്ട സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ടെസ്റ്റ് (സി.എഫ്.റ്റി)ന് വേണ്ടി യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാൽ ആംബുലൻസുകളുടെ സേവനം ജനങ്ങൾക്ക് ലഭ്യമായിരുന്നില്ല. ഇക്കാര്യം പരിശോധിച്ച് വാഹനങ്ങളുടെ സി.എഫ്.ടെസ്റ്റ് പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി 108 ആംബുലൻസ് സേവനം ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത ആംബുലൻസുകളുടെ സേവനം ഏതെല്ലാം ജില്ലകളിലാണ് ലഭ്യമാക്കിയിരുന്നത്; ഇതിനായി മൊത്തം എത്ര വാഹനങ്ങൾ സർവ്വീസ് നടത്തിയിരുന്നു; ഇപ്പോൾ സർവ്വീസിന് യോഗ്യമായ എത്ര ആംബുലൻസുകളുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) പ്രസ്തുത വാഹനങ്ങളുടെ സേവനം തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലാണ് നടത്തി വരുന്നത്. തിരുവനന്തപുരം ജില്ലയിൽ 25 വാഹനങ്ങളും ആലപ്പുഴ ജില്ലയിൽ 18 വാഹനങ്ങളും സേവനം നടത്തി വരുന്നു. ഈ 43 വാഹനങ്ങളും സേവന യോഗ്യമാണ്. 21.06.2016 ൽ തിരുവനന്തപുരം ജില്ലയിലെ 22 വാഹനങ്ങളും ആലപ്പുഴ ജില്ലയിൽ 10 വാഹനങ്ങളും സി.എഫ്.ടെസ്റ്റിനായി വർക്ക്ഷോപ്പിൽ അറ്റകുറ്റപണികൾ നടത്തിവരുന്നു. |
| (സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 108 ആംബുലൻസുകളുടെ സേവനം ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (സി) ഇക്കാര്യം പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ